# കേരളസർവകലാശാല

നം.പി.ആർ.64(a)/2023

## പത്രക്കുറിപ്പ്

**2022 ലെ 'ഭാഷയ്ക്കൊരു ഡോളർ പുരസ്കാര' ത്തിന് കേരളസർവ്വകലാശാലയിലെ പ്രവീൺ രാജ് ആർ. എൽ. തയ്യാറാക്കിയ ഗവേഷണപ്രബന്ധം അർഹമായി........**

കേരളസർവകലാശാല, അമേരിക്കൻ മലയാളി സംഘടനകളുടെ കൂട്ടായ്മയായ 'ഫെഡറേഷൻ ഓഫ് കേരള അസോസിയേഷൻസ് ഇൻ നോർത്ത് അമേരിക്ക' (ഫൊക്കന)യുമായി ചേർന്ന് ഏർപ്പെടുത്തിയിട്ടുള്ള 2022 ലെ 'ഭാഷയ്ക്കൊരു ഡോളർ പുരസ്കാര' ത്തിന്, കേരളസർവ്വകലാശാല മലയാളവിഭാഗം കേന്ദ്രീകരിച്ച് പ്രവീൺ രാജ് ആർ. എൽ. നടത്തിയ 'മലയാളവിമർശനത്തിലെ സർഗ്ഗാത്മകത: തിരഞ്ഞെടുത്ത വിമർശകരുടെ കൃതികളെ മുൻനിർത്തി ഒരു പഠനം' എന്ന ഗവേഷണപ്രബന്ധം അർഹമായി. 50,000 (അൻപതിനായിരം) രൂപയും പ്രശസ്തിപത്രവും ശില്പവും അടങ്ങുന്നതാണ് പുരസ്കാരം. പ്രബന്ധം സർവ്വകലാശാല പ്രകാശനവിഭാഗം പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കും. കേരളത്തിലെ എല്ലാ സർവ്വകലാശാലകളിൽ നിന്നും അയച്ചുകിട്ടിയ മലയാളഭാഷയേയും സാഹിത്യത്തെയും സംബന്ധിച്ച ഗവേഷണ പ്രബന്ധങ്ങളിൽ നിന്നാണ് പുരസ ്കാരം കിട്ടിയ പ്രബന്ധം തെരഞ്ഞെടുത്തത്. കാസർഗോഡ് സെൻട്രൽ യൂണിവേഴ്സിറ്റിയിലെ പ്രൊഫ.(ഡോ.)വി.രാജീവ്, മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് ലെറ്റേഴ്സിലെ പ്രൊഫ.(ഡോ.)പി.എസ്. രാധാകൃഷ്ണൻ, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ പ്രൊഫ. ഡോ.എ. ഷീലാകുമാരി, എന്നിവരടങ്ങുന്ന സമിതിയാണ് പുരസ്കാരനിർണ്ണയം നടത്തിയത്. 2023 മാർച്ച് 31 ന് തിരുവനന്തപുരം ഹയാത്ത് റീജൻസിയിൽ 'ഫൊക്കാന' സംഘടിപ്പി ക്കുന്ന ചടങ്ങിൽ വച്ച് ഉന്നതവിദ്യാഭ്യാസവകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദുവും, വിദ്യാഭ്യാസവകുപ്പ് മന്ത്രി ശ്രീ.വി.ശിവൻകുട്ടിയും ചേർന്ന് പുരസ്കാരം വിതരണം ചെയ്യും.

തിരുവനന്തപുരം,
25.03.2023.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)